"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡബ്ല്യൂ.എം 3/272/2023-ത സ്വ ഭ വ
തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-07-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ-മാലിന്യ ശേഖരണ ഡ്രൈവ് - മാർഗ്ഗരേഖ - സംബന്ധിച്ച്

സൂചന:- തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 02/07/2025-ൽ നടന്ന യോഗത്തിലെ തീരുമാനം

**********************

2022 ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട ഇ-മാലിന്യത്തിന്റെ ശേഖരണം, വേർതിരിക്കൽ, സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, അവ തരം തിരിച്ച ശേഖരിച്ച അംഗീകൃത റീസൈക്ലറിനോ റീഫർബിഷറിനോ കൈമാറൽ തുടങ്ങിയവ തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ് എന്നും, വലിയ തോതിൽ ഇ-മാലിന്യം ഉല്പാദിപ്പിക്കുന്നവർ നേരിട്ട് തന്നെ അവ റീസൈക്ലർക്ക് കൈമാറണമെന്നും, പരാമർശിച്ചിട്ടുണ്ട്. നിലവിൽ ആപത്ക്കര ഇ-മാലിന്യം ഉൾപ്പെടെയുള്ള ഇ-മാലിന്യം അനധികൃത ശേഖരണ കച്ചവടക്കാർക്ക് കൈമാറുകയും അവർ അതിൽ നിന്നും മൂല്യമുള്ളത് എടുത്തതിന് ശേഷം മറ്റ് ആപത്ക്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, പിക്ച്ചർ ട്യൂബ് തുടങ്ങിയവ ജലസ്രോതസ്സുകളിലേക്കും പൊതു സ്ഥലത്തേക്കും വലിച്ചെറിയുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. ഇത് തടയുന്നതിന് ഇ-മാലിന്യം സമ്പൂർണമായി ശേഖരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതുണ്ട്.

അജൈവ പാഴ് വസ്തു ശേഖരണ കലണ്ടർ പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന മുഖേന വർഷത്തിൽ 2 തവണ ഇ-മാലിന്യം ശേഖരിക്കുന്നതിനു നിലവിൽ ക്രമീകരണമുണ്ട് എന്നാൽ ഇ-മാലിന്യം കൃത്യമായി ഹരിതകർമ്മസേനക്ക് കൈമാറാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇതിനായി പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഉപഭോക്താക്കൾക്ക് വില നൽകി ശേഖരിക്കുന്ന ഒരു മാതൃകാ രീതി വികസിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. വീടുകളിൽ നിന്നും പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം വില നൽകി ഹരിത കർമ്മസേന ശേഖരിക്കുകയും, ഇപ്രകാരം ശേഖരിച്ച ഇ-മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ

അതിനുള്ള വില ക്ലീൻ കേരള കമ്പനി ഹരിതകർമ്മ സേനയ്ക്ക് നൽകുകയും ചെയ്യും. **ജൂലൈ 15** മുതൽ എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും മേൽ പ്രകാരമുള്ള ഇ-മാലിന്യ ശേഖരണം ആരംഭിക്കേണ്ടതാണ്. ഇ-മാലിന്യ ശേഖരണം സുഗമമായി നടത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- **തദ്ദേശ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ**

1. വീടുകളിൽ നിന്നും സ്ഥാപനങ്ങളിലും നിന്നും ശേഖരിക്കുന്ന ഇമാലിന്യങ്ങളുടെ പട്ടിക, പുനഃചംക്രമണ സാധ്യമായതും ആപത്ക്കരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെ, പുനഃചംക്രമണ യോഗ്യമായവയുടെ ഇനം തിരിച്ചുള്ള വില വിവര പട്ടിക തുടങ്ങിയ വിവരങ്ങൾ ജനങ്ങളിലേക്ക് കൃത്യമായി എത്തിക്കുന്നതിനുള്ള വിപുലമായ പ്രചാരണം നടത്തുക.

2. ആപത്ക്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, ബൾബ്, ബാറ്ററി തുടങ്ങിയവ പൊട്ടിച്ച് പുറത്തേക്ക് വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പാരിസ്ഥിക പ്രശ്നങ്ങളെ പറ്റിയും, ഇത് വലിച്ചെറിയുന്നവർക്കെതിരെയുള്ള നിയമ നടപടികളെക്കുറിച്ചുമുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഐ.ഇ.സി പരിപാടികൾ വിവിധ മാർഗ്ഗങ്ങളിലൂടെ സംഘടിപ്പിക്കുക.

3. ഹരിത കർമ്മ സേന ഇ-മാലിന്യ ശേഖരണം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് ഒരാഴ്ച മുൻപെങ്കിലും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മുൻകൂട്ടി അറിയിപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ശേഖരണം സംബന്ധിച്ച് അറിയിപ്പ് കിട്ടിയെന്ന് ഉറപ്പാക്കുക.

4. സാമൂഹ്യ സംഘടനാ സംവിധാനങ്ങൾ, വ്യാപാരി - വ്യവസായി സമിതികൾ, റസിഡൻ്റസ് അസോസിയേഷനുകൾ, കുടുംബശ്രീ ത്രിതല സംവിധാനം തുടങ്ങി സാമൂഹ്യ സ്വാധീനമുള്ള സംഘടനകളുടെ ക്രിയാത്മകമായ പങ്കാളിത്തം പ്രചാരണത്തിലും ഇ-മാലിന്യ ശേഖരണ ഡ്രൈവിന്റെ സംഘാടനത്തിലും ഉറപ്പാക്കുക. ഇതിനായി ഓരോ വിഭാഗത്തിൻ്റെയും യോഗങ്ങൾ വിളിച്ചുചേർക്കുക.

5. ഇ-മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മ സേന അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുക ഏതൊക്കെ തരം ഇ-മാലിന്യങ്ങളാണ് ശേഖരിക്കേണ്ടത്, പുന: ചംക്രമണ സാധ്യമായവ, അപകടകരമായവ എന്നിവ സംബന്ധിച്ച് വ്യക്തത, ഇ-മാലിന്യ ശേഖരണം-കൈമാറ്റം-ട്രാൻസ്പോർട്ടേഷൻ വേളകളിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ, ഓരോ ഇ-മാലിന്യത്തിന്റെയും വില, തെറ്റായ രീതിയിൽ ഇ-മാലിന്യം കൈകാര്യം ചെയ്താലുള്ള ഭവിഷ്യത്തുകൾ തുടങ്ങിയവയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടത്.

6. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഇ-മാലിന്യ ശേഖരണത്തിനാവശ്യമായ രസീത് ബുക്കുകൾ, വെയ്യിങ് മെഷീൻ തുടങ്ങി എല്ലാ സൗകര്യങ്ങളും നൽകണം. കൂടാതെ അതത് ദിവസങ്ങളിൽ തന്നെ സംഭരണ

കേന്ദ്രത്തിലേക്ക് ശേഖരിച്ച ഇ-മാലിന്യം എത്തിക്കുന്നതിന് വാഹന സൗകര്യം ലഭ്യമാക്കുക.

7. പുന:ചംക്രമണ സാധ്യമായ ഇ-മാലിന്യം വില നൽകി ശേഖരിക്കുന്നതിനായി ഒരു നിശ്ചിത തുക, ശേഖരണം ആരംഭിക്കുന്നതിന് മുമ്പ് ഹരിത കർമ്മ സേനയ്ക്ക് നൽകുക. ഈ തുക ഹരിത കർമ്മ സേനയുടെ കൺസോർഷ്യം ഫണ്ടിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്. കൺസോർഷ്യം ഫണ്ട് ഇല്ലാത്ത സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ അഡ്വാൻസ് തുക നൽകി, തുടർന്ന് ഇ-മാലിന്യം സി.കെ.സി.എൽ ഏറ്റെടുക്കുമ്പോൾ ലഭിക്കുന്ന പണത്തിൽ നിന്നും മുൻകൂറായി ചിലവഴിച്ച തുക തിരിച്ച് പിടിക്കാവുന്നതാണ്.

8. വീടുകളിൽ നിന്നും ശേഖരിക്കുന്ന ആപത്ക്കര ഇ-മാലിന്യം ക്ളീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ അത് സംസ്കരിക്കുന്നതിനുള്ള തുക തദ്ദേശ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

9. ഇ-മാലിന്യ ശേഖരണം ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാരുടേയും ഹരിത കർമ്മ സേനയുടേയും റിവ്യൂ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുക. കൂടാതെ എല്ലാ ദിവസവും കൃത്യമായ റിപ്പോർട്ടിങ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

10. 1 5 ദിവസം മുതൽ ഒരു മാസം വരെ ഇ-മാലിന്യം സംഭരിച്ച് വയ്ക്കുന്നതിന് ശേഷിയുള്ള എം.സി.എഫ്/ കണ്ടെയ്നർ എം.സി.എഫ്-കൾ തയ്യാറാക്കണം. കണ്ടെയ്നർ എം.സി.എഫ്-കൾ കോർപറേഷനുകളിൽ കുറഞ്ഞത് 3 എണ്ണം, നഗരസഭകളിലും ഗ്രാമ പഞ്ചായത്തുകളിലും കുറഞ്ഞത് ഒരു എണ്ണമെങ്കിലും ഇതിലേക്കായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. ഭരണ സമിതിയോഗത്തിലും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, വാർഡ് ശുചിത്വാരോഗ്യ സമിതി തുടങ്ങിയവയിലും അതാത് തദ്ദേശ സ്ഥാപനത്തിലെ ഇ-മാലിന്യ സംസ്കരണ കാര്യക്ഷമത സംബന്ധിച്ച് കൃത്യമായ അവലോകനം നടത്തണം.

12. പുനഃചംക്രമണ സാധ്യമായ ഇ-മാലിന്യം ശേഖരിക്കുന്നവർക്ക് -മാലിന്യം പുനഃചംക്രമണം ചെയ്യുന്ന ഏജൻസിയുമായി കരാർ ഉണ്ടാകണം. ആപത്ക്കരമായ ഇ-മാലിന്യം ശേഖരിക്കുന്നവർ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡുമായി (KEIL) കരാറിലേർപ്പെടണം. ഇത്തരത്തിൽ കരാറിൽ ഏർപ്പെടാതെ ഇ-മാലിന്യം ശേഖരിക്കുന്നത് അനുവദനീയമല്ല; ഇപ്രകാരം ഇ-മാലിന്യം ശേഖരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

13. ഇ-മാലിന്യം പൊതുഇടങ്ങളിൽ/ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ അലക്ഷ്യമായി നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

- **ഹരിത കർമ്മ സേന നടത്തേണ്ട പ്രവർത്തനങ്ങൾ**

1. എല്ലാ വീട്ടുകളിലും സ്ഥാപനങ്ങളിലും ഇ-മാലിന്യ ശേഖരണത്തിന്റെ വിവരം എത്തിക്കുകയും ഓരോ ഇ-മാലിന്യത്തിന്റെയും വില വിവരങ്ങൾ കൃത്യമായി അറിയിക്കുകയും ചെയ്യുക
2. ഇ-മാലിന്യ ശേഖരണ ദിവസവും സമയവും മുൻകൂട്ടി വീട്ടുകളിലും സ്ഥാപനങ്ങളിലും അറിയിക്കുക
3. അപകടകരമായ ഇ-മാലിന്യം, പുനഃചംക്രമണ സാധ്യമായവ എന്നിങ്ങനെ തരം തിരിച്ച് സൂക്ഷിക്കുന്നതിനും കൈമാറുന്നതിനുമുള്ള നിർദ്ദേശം വീട്ടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുക.
4. ആപത്കര ഇ-മാലിന്യം, പുനഃചംക്രമണ സാധ്യമായ ഇ-മാലിന്യം എന്നിങ്ങനെ വേർതിരിച്ച് പ്രത്യേകമായി ശേഖരിക്കണം.
5. വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിക്കുമ്പോൾ ഓരോ ഇനത്തിലും വരുന്ന പുനഃചംക്രമണ സാധ്യമായ ഇ-മാലിന്യത്തിൻ്റെ വില കൃത്യമായി നിശ്ചയിച്ച് പണവും രസീതും ഉണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

- **കുടുംബശ്രീ നടത്തേണ്ട പ്രവർത്തനങ്ങൾ**

1. അയൽക്കൂട്ടം വഴി ഇ-മാലിന്യ ശേഖരണത്തെ പറ്റിയുള്ള വിവരം എല്ലാ വീട്ടുകളിലേക്കും എത്തിക്കണം.
2. വാർഡുകളിലെ വാട്സാപ്പ് ഗ്രൂപ്പ് വഴിയുള്ള പ്രചരണം.
3. ആപത്കര ഇ-മാലിന്യം, പുനരുപയോഗ്യമായ ഇ-മാലിന്യം ഉടങ്ങിയവ എന്തൊക്കെയാണെന്നുള്ള അവബോധം അയൽക്കൂട്ടം വഴി നൽകുക.
4. ആപത്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, ബൾബ് ഉടങ്ങിയവ വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പാരിസ്ഥിക പ്രശ്നങ്ങളെ പറ്റിയും ഇത് വലിച്ചെറിയുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികളെ കുറിച്ചുമുള്ള അവബോധം നൽകുക.

- **ക്ലീൻ കേരള കമ്പനി നടത്തേണ്ട പ്രവർത്തനങ്ങൾ**

1. ഇ-മാലിന്യത്തിന്റെ ഇനം തിരിച്ചുള്ള വില വിവര പട്ടിക രേഖാമൂലം തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതാണ്
2. ശേഖരണത്തിന് മുന്നോടിയായി ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകണം. ഏതൊക്കെ ഇ-മാലിന്യമാണ്

ശേഖരിക്കുന്നത്, ഇതിൽ പുനരുപയോഗ സാധ്യമായതും അപകടകരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെ, ഓരോ ഇനത്തിന്റെയും വില, ശേഖരണ സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ ആയിരിക്കണം പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടത്.

3. ശേഖരണം പൂർത്തിയായതായി അറിയിപ്പ് ലഭിക്കുന്നതിനനുസരിച്ച് ശേഖരിച്ച ഇമാലിന്യം കൃത്യമായി ലിഫ്റ്റ് ചെയ്യുകയും അതിനുള്ള വില ഹരിത കർമ്മസേനക്ക് നൽകുകയും ചെയ്യണം.

4. ഡിജിറ്റൽ വിവരങ്ങൾ അടങ്ങിയ കംപ്യൂട്ടർ, ലാപ്ടോപ്പ്, മൊബൈൽ ഫോൺ തുടങ്ങിയ ഇ-മാലിന്യങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ സ്ഥാപനങ്ങൾ / വ്യക്തികൾ പാലിക്കേണ്ട രീതി സംബന്ധിച്ച് കൃത്യമായ അവബോധം നൽകുക.

- **ശുചിത്വ മിഷൻ നടത്തേണ്ട പ്രവർത്തനങ്ങൾ**

1. ഇ-മാലിന്യ ശേഖരണത്തിന്റെ പ്രചാരണത്തിന് ആവശ്യമായ I E C പ്ലാൻ തയ്യാറാക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്യുക.

2. ഇ-മാലിന്യ ശേഖരണ ഡ്രൈവിന്റെ വിജയത്തിനായി കൃത്യമായ നിരീക്ഷണവും മേൽനോട്ടവും ഉറപ്പാക്കുക.

3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമായ സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുക

4. ഇ-മാലിന്യ ശേഖരണം, കൈകാര്യം ചെയ്യൽ, സുരക്ഷിതമായി സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ അവബോധം നൽകുക.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ ജനറൽ, കില,തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ I&PRD, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 07-07-2025 10:49:28

സെക്ഷൻ ഓഫീസർ

പകർപ്പ്:-തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ - ക്ക്